## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.713** **05.06.2018 ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിലെ സോളാർ വൈദ്യുത നിലയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. രാജഗോപാലൻ | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ സോളാർ വൈദ്യുത നിലയങ്ങളിൽ നിന്നും നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിൽ 50 MW ശേഷിയുള്ള അമ്പലത്തറ സോളാർ നിലയത്തിൽ നിന്നും 70.5522 MU ഉം, 0.5 MW ശേഷിയുള്ള മഞ്ചേശ്വരത്തെ സോളാർ പ്ലാന്റിൽ നിന്ന് 4,64,070 യൂണിറ്റും, 0.03 MW ശേഷിയുള്ള മൈലാട്ടി - യിലെ റൂഫ് ടോപ്പ് സോളാർ പ്ലാന്റിൽ നിന്ന് 14,790 യൂണിറ്റും നാളിതുവരെ ഉല്പാദിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇവിടെയുള്ള സോളാർ നിലയങ്ങളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണോ; | (ബി) അമ്പലത്തറയിലെ സോളാർ നിലയത്തിന്റെ ഉടമസ്ഥാവകാശം 25 വർഷത്തേയ്ക്ക് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇന്ത്യൻ റിന്യൂവബിൾ എനർജി ഡെവലപ്പ്മെന്റ് ഏജൻസി (IREDA) ക്കും, മൈലാട്ടി, മഞ്ചേശ്വരം സോളാർ നിലയങ്ങളുടെ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. |
| (സി) ഈ സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ എത്ര കോടി രൂപ ചിലവ് വന്നിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) ഈ സോളാർ നിലയങ്ങളുടെ ചെലവ് ഇപ്രകാരമാണ്.<br>1 അമ്പലത്തറ 310.88 കോടി രൂപ<br>2 മഞ്ചേശ്വരം 3.5133874 കോടി രൂപ<br>3 മൈലാട്ടി 0.2400563 കോടി രൂപ |

**സെക്ഷൻ ഓഫീസർ**